മെട്രോ വാർത്ത

20 May 2020

# കേന്ദ്ര പാക്കെജിന്റെ നേട്ടം കേരള തീരത്തേക്ക്



കൊച്ചി: കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മത്സ്യമേഖലയ്ക്കുള്ള 20,000 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക പാക്കെജ് കേരള തീരത്തിന് ഗുണകരമാക്കാൻ ഈ രംഗത്തെ വിദഗ്ധർ തയാറെടുക്കുന്നു.

## മോഡേണാക്കാം ബോട്ട്

മീൻപിടിത്ത ബോട്ടുകൾ ആധുനികവത്കരണത്തിനടക്കം വിനിയോഗിച്ചാൽ മത്സ്യബന്ധന മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സഹായകമാകുമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) വിദഗ്ധർ പറയുന്നു. സുരക്ഷ ഉറപ്പാക്കാനും മീൻലഭ്യത അറിയാനുമുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, കോൾഡ് സ്റ്റോറേജ് സൗകര്യം എന്നിവ ബോട്ടുകളിൽ ഘടിപ്പിക്കുക, കടലിൽ ബോട്ടുകളുടെ സ്ഥാനം വേഗം തിരിച്ചറിയുന്നതിന് വിഎംഎസ് സംവിധാനം സ്ഥാപിക്കുകയും ചെയ്യണം.

## തൊഴിലാളി കയറ്റുമതി അറിയണം

മീനുകളുടെ കയറ്റുമതി സാധ്യതകളിൽ തൊഴിലാളികൾക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം നൽകാനുള്ള നടപടികൾക്ക് വേഗം കൂട്ടേണ്ടതുണ്ട്. കടൽപ്പായലുകളുടെ കൃഷി, വിത്തുമത്സ്യ ബാങ്കുകളും അനുബന്ധ ഹാച്ചറി സംവിധാനങ്ങളും സ്ഥാപിക്കൽ എന്നീ പദ്ധതികൾ അടിയന്തരമായി ചെയ്യണം. കൂട്ക്കൃഷിക്ക് പ്രാധാന്യം നൽകിയുള്ള സമുദ്രകൃഷിരീതികൾ വികസിപ്പിക്കാനും നടപടികൾ ഉണ്ടാകണം.

## വേണം ഓൺലൈൻ വിൽപ്പന

സമുദ്രകൃഷി വികസനത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. ജോലി നഷ്ടപ്പെട്ട് വിദേശത്തുനിന്ന് വരുന്നവർക്ക് ഇത് പ്രയോജനമാകും. ലാൻഡിങ് സെന്ററുകളിലെ സൗകര്യം ഉയർത്തൽ, മത്സ്യവിപണന കേന്ദ്രങ്ങൾ വികസിപ്പിക്കൽ എന്നിവയ്ക്കും മുൻഗണന നൽകണം.

മത്സ്യവിപണന കേന്ദ്രങ്ങളിൽ ലേലമടക്കം ഡിജിറ്റലാക്കണം, കൊവിഡ് പശ്ചാത്തലത്തിൽ മീനുകളുടെ ഓൺലൈൻ വിപണനശൃംഖല വികസിപ്പിക്കുന്നതും ഏറെ ഗുണം ചെയ്യുമെന്നും സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.